12.3 ടി.എം.സി. ജലമാണ് തമിഴ്നാട് നൽകേണ്ടത്. ഇപ്രകാരം ജലം ലഭ്യമായാൽ ശാസ്ത്രീയമായ ഒരു ജനറേഷൻ പ്ലാന്റിന്റെ അടിസ്ഥാനത്തിൽ 390 ക്യൂബിക് സി.സി. നിരക്കിൽ ചാലക്കുടി പുഴയിലേക്ക് ജലം ഒഴുക്കി വിടാൻ സാധിക്കും. എന്നാൽ വൃഷ്ടിപ്രദേശങ്ങളിലെ മഴക്കുറവ് മൂലമോ മറ്റ് കാരണങ്ങളാലോ തമിഴ്നാട്ടിൽ നിന്നും ലഭിക്കാനുള്ള ജലത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായാൽ ഈ നിരക്കിലും മാറ്റം ആവശ്യമാണ്. ഇപ്പോൾ ഷോളയാർ റിസർവോയറിലെ സ്റ്റോറേജ് ആകെ സംഭരണശേഷിയുടെ 63 ശതമാനം മാത്രമാണ്. ഇത്രയും സ്റ്റോറേജ് ഉപയോഗിച്ച് ജൂൺ ഒന്നുവരെയുള്ള ഉല്പാദനം ക്രമീകരിക്കും. 357 ക്യൂബിക് സി.സി. നിരക്കിലുള്ള ജലമേ ചാലക്കുടി പുഴയിലേക്ക് ഒഴുക്കി വിടാൻ സാധിക്കുകയുള്ളൂ. എന്നാൽ എറണാകുളം-തൃശ്ശൂർ ജില്ലകളിലെ കർഷകരുടേയും ജനങ്ങളുടേയും ആവശ്യം പരിഗണിച്ച് പെരിങ്ങൽകുത്തിലെ ഉല്പാദനം വർദ്ധിപ്പിച്ച് 517 ക്യൂബിക് സി.സി. നിരക്കിൽ ജലം നൽകുന്നുണ്ട്. ഇതിനായി പകൽസമയം രണ്ട് ജനറേറ്ററുകളും വൈകുന്നേരത്തെ പീക്ക് സമയത്ത് നാലു ജനറേറ്ററുകളും പ്രവർത്തിക്കുന്നുണ്ട്. ഷോളയാർ റിസർവോയറിന്റെ സ്റ്റോറേജിന്റെ അടിസ്ഥാനത്തിലാണ് പെരിങ്ങൽകുത്തിലെ ഉല്പാദനം നിയന്ത്രിച്ചു വരുന്നത്. തമിഴ്നാടുമായുള്ള കരാർ പ്രകാരം എല്ലാ വർഷവും സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും റിസർവോയർ നിറച്ച് നൽകേണ്ടതാണ്. എന്നാൽ ഈ ഫെബ്രുവരി ഒന്നിന് 76.9 ശതമാനം ജലം മാത്രമേ ഷോളയാറിൽ ലഭ്യമായിട്ടുള്ളൂ. ഈ വർഷം മേയ് 31-നകം ബാക്കി ജലം അതായത് 1.465 ടി.എം.സി. ജലം കൂടി തമിഴ്നാട് നൽകണം. ഈ ജലം ലഭ്യമായാൽ 398 വീതം ക്യൂബിക് സിസി ജലം ചാലക്കുടി പുഴയിലേക്ക് ഒഴുക്കാനാകും. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഇതേ രൂപത്തിലുള്ള പ്രശ്നം ഇവിടെ ഉയർന്നു വന്ന അവസരത്തിൽ ഗവൺമെന്റ് തലത്തിൽ ഇടപെട്ട് തമിഴ്നാടുമായി ചർച്ച ചെയ്ത് ഒരു നിലപാട് സ്വീകരിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനും ഈ കാര്യത്തിൽ കർഷകരുടേയും ജനങ്ങളുടേയും ആവശ്യം പരിഗണിച്ച് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

V മേശപ്പുറത്ത് വച്ച കടലാസ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ് ഞാൻ മേശപ്പുറത്ത് വെയ്ക്കുന്നു.

VI റിപ്പോർട്ടുസമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കാര്യോപദേശക സമിതിയുടെ സമിതിയംഗവും സഭാനേതാവുമായ ഞാൻ സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly